കേരള സർക്കാർ

നം-എ.സി.1/125/2019-തസ്വഭവ. തദ്ദേശസ്വയംഭരണ (എ.സി) വകുപ്പ്,
തിരുവനന്തപുരം, തീയതി: 14/01/2020

## സർക്കുലർ

**വിഷയം** - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ, കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ, അക്കൗണ്ടിൽ നിന്നും മാറാത്ത ചെക്കുകൾ എന്നിങ്ങനെയുള്ള തുകകൾ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് തിരികെ മുതൽക്കൂട്ടുന്നതിനായി പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

സൂചന - (1) അക്കൗണ്ടന്റ് ജനറലിന്റെ എൽ.ബി.എ.(എച്ച്.ക്യൂ)III/II/8 എ-27/2019-20/66 നമ്പർ കത്ത്

കേരള ഫിനാൻഷ്യൽ കോഡ് വോല്യം I ആർട്ടിക്കിൾ 282 പ്രകാരവും, 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 79 പ്രകാരവും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ, കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ, പഞ്ചായത്ത് അക്കൗണ്ടിൽ നിന്നും മാറാത്ത ചെക്കുകൾ, എന്നിങ്ങനെയുള്ള തുകകൾ നിശ്ചിത കാലയളവിനു ശേഷം പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് തിരിച്ചെഴുതേണ്ടതാണ് എന്ന് വ്യക്തമായ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഇപ്രകാരം വ്യക്തമായ ചട്ടങ്ങൾ നിലവിലുണ്ടെങ്കിലും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇത് കൃത്യമായി പാലിക്കാത്ത സാഹചര്യം നിലനിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ ലോക്കൽ ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടതായും, മേൽസാഹചര്യത്തിൽ സർക്കാർ തലത്തിൽ നടപടിയുണ്ടാവണമെന്ന് അക്കൗണ്ടന്റ് ജനറലും സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സമാനമായ തുകകൾ മിക്കവാറും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടുകളിൽ നിഷ്ക്രിയമായി കിടക്കുന്നതായും, സത്വര നടപടികൾ വേണമെന്നും സൂചിപ്പിച്ചിട്ടുണ്ട്.

ഇക്കാര്യങ്ങൾ പരിശോധിച്ച സർക്കാർ, ഈ പ്രവണത യാതൊരു കാരണവശാലും തുടരാൻ പാടില്ലാത്തതാണെന്ന് വിലയിരുത്തുന്നു. മേൽ സാഹചര്യത്തിൽ, തുടർച്ചയായി മൂന്ന് വർഷത്തിലധികമായി, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന ഡെപ്പോസിറ്റുകൾ/ മാറാത്ത ചെക്കുകൾ/ തിരികെ കിട്ടിയ നിക്ഷേപങ്ങൾ തുടങ്ങിയവയിൽ ഉൾപ്പെടുന്ന തുക, ഓരോന്നിന്റേയും കാലാവധി മൂന്ന് വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ അതാത് സ്ഥാപനത്തിന്റെ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതാണ് എന്ന്

നിർദ്ദേശിക്കുന്നു. ഇത് കൃത്യമായി ഉറപ്പ് വരുത്തുവാനാവശ്യമായ സജ്ജീകരണവും ക്രമീകരണവും, ബന്ധപ്പെട്ട റെക്കോർഡുകളുടെ പരിപാലനവും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ചെയ്യേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരും അതാത് വകുപ്പ് തലവന്മാരും പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്. ബന്ധപ്പെട്ട പെർഫോമൻസ് ഓഡിറ്റ് ടീമുകൾ, അടുത്ത പരിശോധനയിൽ ഈ വിഷയം പ്രത്യകം പരിശോധിക്കേണ്ടതും, വീഴ്ച വരുത്തുന്ന സ്ഥാപനങ്ങളുടെ വിവരം സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**റ്റി.കെ.ജോസ്**

ഗവണ്മെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
ഗ്രാമവികസനകമ്മീഷണർ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
എല്ലാ ജില്ലാ/ബ്ലോക്ക്/ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (വകുപ്പ് തലവൻ മുഖാന്തിരം)
എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും (വകുപ്പ് തലവൻ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മേഖലാ പെർഫോർമൻസ് ഓഡിറ്റ് ഓഫീസർമാർ
ജില്ലാ പെർഫോർമൻസ് ഓഡിറ്റ് ഓഫീസർമാർ
നഗരകാര്യ വകുപ്പ് മേഖലാ ജോയിന്റ് ഡയറക്ടർമാർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ് , തിരുവനന്തപുരം
(സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ